# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 18.10.2016 - ൽ മറുപടിയ്ക്ക്
നിയമസഭാ ചോദ്യം നമ്പർ: 3062

### കയർ വ്യവസായത്തിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | ഉത്തരം<br>ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയറും കയറുൽപ്പന്നങ്ങളും കയറ്റി അയയ്ക്കുന്നതിലൂടെ 2016-17 സാമ്പത്തികവർഷം കയർ ബോർഡ് പ്രതീക്ഷിയ്ക്കുന്ന വരുമാനം വ്യക്തമാക്കുമോ; | എ) 2016 ജൂലൈ മാസം വരെ 638.99 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി നടത്തിയിട്ടുണ്ട്. 2016-17 പൂർത്തിയാകുമ്പോഴേക്കും കയറ്റുമതി 2000/- കോടി രൂപ കവിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) ഏതെല്ലാം വിദേശ രാജ്യങ്ങളിലേക്കാണ് കയർ ബോർഡ് കയറുൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുന്നത്; | ബി)115 രാജ്യങ്ങളിലേക്ക് കയറ്റുമതി നടത്തിയിട്ടുണ്ട്. |
| സി) കയർ മേഖലയിൽ ആധുനികവൽക്കരണം നടപ്പിലാക്കി ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് കയർ ബോർഡ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | സി)കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുന്നതിനും പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കയർ ഉൽപ്പാദനവും പ്രോസസിംഗും മെച്ചപ്പെടുത്തുന്നതിനുമായി കയർബോർഡ് കയർ ഉദ്യമി യോജന എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി ചെലവ് 10 ലക്ഷം രൂപയും ആയതിന്റെ 25% ൽ അധികരിക്കാത്ത പ്രവർത്തനമൂലധനവും ആവശ്യമായ പ്രോജക്ടുകളെയാണ് ഈ പദ്ധതിയിൽ പരിഗണിക്കുന്നത്. ടി പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെ പറയുന്ന പ്രകാരമാണ്.<br><br>പദ്ധതിചെലവിന്റെ 40% കേന്ദ്രസർക്കാരിന്റെ സബ്സിഡിയും, 55% ബാങ്ക് ലോണും, 5% ഗുണഭോക്തൃവിഹിതവുമാണ്. പ്രവർത്തനമൂലധനത്തിന് സബ്സിഡിക്ക് അർഹതയില്ല. കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുന്നതിന് കയർബോർഡ് അനുപം, അനുഗ്രഹ, ഉദയ, സ്വർണ്ണ, വജ്ര തുടങ്ങിയ തറി / മെഷീനറികൾ രൂപകൽപ്പനചെയ്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ട്രെയിനിംഗ് പ്രോഗ്രാം, സെമിനാർ, ബോധവത്ക്കരണം എന്നിവ നടത്തി വരുന്നു. കൂടാതെ ട്രെയിനിംഗിന് പ്രതിമാസം 1000/- രൂപ വീതം സ്റ്റൈപ്പന്റ് നൽകി വരുന്നു. |
| ഡി) കയർ വ്യവസായത്തിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് കയർ ബോർഡ് നൽകിവരുന്ന സഹായങ്ങൾ വിശദമാക്കുമോ? | ഡി) മഹിള കയർ യോജന പദ്ധതി നടപ്പിലാക്കി വരുന്നു. ഉൽപ്പാദന വർദ്ധനവിനും, ഇൻഫ്രാസ്ട്രക്ചർ വികസനത്തിനും വേണ്ട |

| | |
|---|---|
| | സഹായങ്ങൾ നൽകുന്നുണ്ട്. നിലവിലുള്ള യൂണിറ്റ് വിപുലീകരിക്കുന്നതിന് ഉപകരണങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ തുകയുടെയും 25% പരമാവധി 6 ലക്ഷം രൂപ ഡീഫൈബറിംഗ് യൂണിറ്റിനും, 4 ലക്ഷം രൂപ സ്പിന്നിംഗ് യൂണിറ്റിനും, 5 ലക്ഷം രൂപ മറ്റ് കയർ വ്യവസായങ്ങൾക്കും സബ്സിഡിയായി നൽകുന്നു. മൾട്ടിപ്പിൾ യൂണിറ്റിന് 9 ലക്ഷത്തിൽ അധികരിക്കാത്ത തുക ആനുകൂല്യമായി നൽകുന്നു. നിലവിലുള്ള യൂണിറ്റിൽ ആധുനികവത്ക്കരണത്തിനായി ആവശ്യമായ ഉപകരണങ്ങളുടെ വിലയുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ തുകയുടെയും 25% പരമാവധി 2 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു. |

സെക്ഷൻ ഓഫീസർ